# <u>സലഫുകളുടെ</u>
# <u>റമദ്വാൻ</u>

ശൈഖ് ഇബ്റാഹീം അൽമസ്റൂഇ ( حفظه الله ) യുടെ
‘ഹദ്‌യുസ്സലഫ് ഫീ റമദ്വാൻ’ എന്ന ദർസിന്റെ ആശയ
വിവർത്തനം

വിവ : അനസ് നദീരി

بسم الله الرحمن الرحيم

،الحمد لله رب العالمين، والصلاة والسلام وعلى المبعوث رحمة للعالمين، وعلى آله وصحبه أجمعين، أما بعد

നബി ﷺ പറഞ്ഞു:

خَيْرُ النَّاسِ قَرْنِي، ثُمَّ الَّذِينَ يَلُونَهُمْ، ثُمَّ الَّذِينَ يَلُونَهُم

"ഏറ്റവും ഉത്തമ തലമുറ എന്റെ തലമുറയാണ്. പിന്നീട് അവർക്ക് ശേഷമുള്ളവരും, പിന്നീട് അവർക്ക് ശേഷമുള്ള വരുമാണ്."

( 📚رواه البخري ومسلم )

സ്വഹാബികളാണ് ഇതിലെ ആദ്യ തലമുറ. അവരെ അനുഗമിച്ച താബിഉകളും, അത്ബാഉത്താബിഉകളുമാണ് ശേഷം പ്രതിപാദിക്കപെട്ടവർ. ഇവരാണ് നമ്മുടെ സലഫുകൾ. അവരുടെ മാർഗം അനുധാവനം ചെയ്യുന്നതിലാണ് എല്ലാ നന്മയുമുള്ളത്.

ഇമാം ശാഫിഈ -رَحِمَهُ اللَّه- പറയുന്നു:

"ഖുർആനിലും ഇൻജീലിലും തൗറാത്തിലും അല്ലാഹു സ്വഹാബത്തിനെ പുകഴ്ത്തി പറത്തിട്ടുണ്ട്. റസൂൽ ﷺ യുടെ ജീവിതചര്യകൾ നമുക്ക് കൈമാറിയത് അവരാണ്. വഹ്‌യിന്റെ അവതരണത്തിനവർ സാക്ഷികളായി. അതിന്റെ ആശയ-ഉദ്ദേശങ്ങൾ അവർ മനസ്സിലാക്കി. സുന്നത്തുകൾ അറിഞ്ഞവരാണവർ. എല്ലാ അറിവിലും ഗവേഷണത്തിലും മതനിഷ്ഠയിലും ബുദ്ധിയിലുമെല്ലാം അവർ നമുക്ക് മുകളിലാണ്. നമുക്ക്

നമ്മുടെ അഭിപ്രായങ്ങളേക്കാൾ നല്ലതും ഗുണകരവും അവരുടെ വീക്ഷണങ്ങളാണ്. അവരുടെ അഭിപ്രായങ്ങൾക്ക് പുറത്തൊരു അഭിപ്രായം പാടില്ല. അവരിൽ നിന്ന് മറ്റു എതിരഭിപ്രായങ്ങളില്ലാതെ ഒരു വാക്ക് അവരിലാരെങ്കിലും പറഞ്ഞാൽ അത് നാം എടുക്കും. അവർക്ക് വ്യത്യസ്ത അഭിപ്രായങ്ങളുണ്ടെങ്കിൽ അവരുടെ അഭിപ്രായങ്ങൾക്ക് പുറത്തൊരു അഭിപ്രായം നാം പറയില്ല."

(📚 نقله ابن القيم في إعلام الموقعين )

ഇമാം ഔസാഈ -رَحِمَهُ اللَّه- പറഞ്ഞു:

**اصْبر نفسك على السُّنَّة، وقِفْ حيثُ وقفَ القوم، وقُلْ بما قالوا، وكفّ عمَّا كفّوا عنه، واسْلك سبيل سلفك الصَّالح، فإنَّهُ يسعك ما وسعهم**

"നീ സുന്നത്തിന്റെ കൂടെ നിന്റെ നഫ്സിനെ തടഞ്ഞുവെക്കുക. ഉത്തമ തലമുറ നിന്നേടത്ത് നീ നിൽക്കുക. അവർ പറഞ്ഞത് എന്താണോ അത് പറയുക. അവർ ഉപേക്ഷിച്ചത് ഉപേക്ഷിക്കുക. സച്ചരിതരായ നിന്റെ മുൻഗാമികളുടെ മാർഗത്തിൽ നീ പ്രവേശിക്കുക, അവർക്ക് മതിയായത് തന്നെ നിനക്കും മതിയാകും."

( 📚 ذكره اللالكائي في أصول اعتقاد أهل السنة )

അതിനപ്പുറമുള്ളത് നന്മായായിരുന്നുവെങ്കിൽ നിങ്ങൾക്കത് ലഭിക്കുകയും മുൻഗാമികൾക്കത് ലഭിക്കാതെ പോകുകയും ചെയ്യുമായിരുന്നില്ല.
ജനങ്ങളെ നമ്മൾ ക്ഷണിക്കുന്നതും ഈ സലഫുകളുടെ മാർഗത്തിലേക്കാണ്. അവർ എന്ത് അനുഷ്ഠിച്ചു..? എങ്ങനെ

അനുഷ്ഠിച്ചു..? എന്ത് പറഞ്ഞു..? എങ്ങനെ മനസ്സിലാക്കി..? എന്നതെല്ലാം ഒരു മുസ്ലിമിനെ സംബന്ധിച്ചിടത്തോളം പ്രധാനമാണ്.

പരിശുദ്ധ റമദ്വാനിനെ അവർ എങ്ങനെ സ്വീകരിച്ചു എന്ന് വ്യക്തമാക്കുന്ന ചില ഉദ്ധരണികൾ പരിശോധിക്കാം;

◉ **<u>നോമ്പുതുറക്കാൻ ധൃതി കാണിക്കൽ</u>**

നോമ്പുതുറക്കാൻ ധൃതി കാണിക്കുന്നിടത്തോളം ജനങ്ങൾ നന്മയിലായിരിക്കും എന്ന നബി ﷺ യുടെ അധ്യാപനം അവർ പ്രാവർത്തികമാക്കി.

താബിഉകളായ മാലിക് ബ്നു ആമിറും, മസ്റൂഖും رحمهما الله ആഇശാ رضي الله عنها യുടെ അടുക്കൽ ചെന്ന് നോമ്പുതുറയും നിസ്കാരവും നേരത്തെയാക്കുന്ന ഒരാളെ കുറിച്ചും അത് രണ്ടും പിന്തിപ്പിക്കുന്ന ഒരാളെ കുറിച്ചും അന്വേഷിച്ചു. അപ്പോൾ ആഇശാ رضي الله عنها ചോദിച്ചു:

“നോമ്പുതുറയും നിസ്കാരവും പെട്ടന്നാക്കുന്നയാൾ ആരാണ്?” അവർ പറഞ്ഞു: “അത് അബ്ദുല്ലാഹ് ബ്നു മസ്ഊദ് رضي الله عنه ആണ്.”

ഇത് കേട്ടപ്പോൾ ആഇശാ رضي الله عنها പറഞ്ഞു:

**كذلك كان يفعلُ رسولُ اللهِ ﷺ**

“നബി ﷺ അങ്ങനെയായിരുന്നു ചെയ്യാറുണ്ടായിരുന്നത്.”

(📚 أخرجه مسلم)

◉ **<u>രാത്രി നിസ്ക്കാരം</u>**

റമദ്വാനിലെ രാത്രി നിസ്കാരം ഇമാമിന്റെ കൂടെ പള്ളിയിൽ നിർവഹിക്കാൻ സലഫുകൾ പ്രത്യേക ശ്രദ്ധ ചെലുത്തിയിരുന്നു.

അബുദ്ദർദാഅ് رضي الله عنه പറയുന്നു:

**ان رسول الله ﷺ قام بهم في رمضان ليلة ثلاث وعشرين إلى ثلث الليل، وليلة خمس وعشرين إلى نصف الليل، فقالوا: لو ثقَّلتَنا بقِية ليلتنا، فقال رسول الله ﷺ: إن الرجل إذا صلى مع الإمام حتى يِنصرف كتب له بقية لَيلته**

“നബി ﷺ റമദ്വാൻ 23ന് രാത്രിയുടെ മൂന്നിൽ ഒരു ഭാഗം വരെ ഇമാമായി നിസ്കരിച്ചു. 25ന്റെ രാവിന് രാത്രിയുടെ പകുതി വരെ നിസ്കരിച്ചു. അപ്പോൾ സ്വഹാബത്ത് ചോദിച്ചു: രാത്രിയുടെ അവശേഷിക്കുന്ന ഭാഗം കൂടിയാക്കി നിസ്കാരം ദീർഘിപ്പിച്ചിരുന്നെങ്കിൽ..! അപ്പോൾ റസൂൽ ﷺ പറഞ്ഞു: ഒരാൾ ഇമാം നിസ്കാരത്തിൽ നിന്ന് പിരിഞ്ഞു പോകുന്നത് വരെ അദ്ദേഹത്തിന്റെ പിറകിൽ നിസ്കരിച്ചാൽ ശേഷിക്കുന്ന രാത്രിയും നിസ്കരിച്ച പ്രതിഫലം അയാൾക്ക് രേഖപ്പെടുത്തപ്പെടും.”

(📚 أخرجه الترمذي باختلاف يسير )

രാത്രിയുടെ പകുതി വരെ നിസ്കരിച്ചപ്പോൾ അതിലും ദീർഘിപ്പിക്കാൻ ആവശ്യപ്പെടുകയാണ് സ്വഹാബത്ത്.

ഇമാം ശാഫിഈ رحمه الله പറയുന്നു:

وَرأيتهم بالمدينة يقومون بتسع وثلاثين، وأَحَبُّ إليَّ عشرون

“മദീനയിൽ 39 റക്അത്ത് നിസ്കരിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. 20 റക്അത്താണ് ഞാൻ കൂടുതൽ ഇഷ്ടപ്പെടുന്നത്.”

( ذكره في الأم )

തബഉത്താബിഉകൾ മദീനയിൽ 39 റക്അത്ത് നിസ്കരിച്ചിരുന്നു എന്നാണ് ഇമാം ശാഫിഈ رَحِمَهُ اللَّهُ പറയുന്നത്. അതിനും മുമ്പ് ഇബ്നു അബ്ബാസ് رضي الله عنه വിന്റെ വിദ്യാർത്ഥിയായ അത്വാഅ് رَحِمَهُ اللَّهُ പറയുന്നു:

أدركتهم في رمضان يصلُّون عشرين ركعة وثلاث ركعات الوتر

“റമദ്വാനിൽ അവർ 20 റക്അത്തും മൂന്ന് റക്അത്ത് വിത്റും നിസ്കരിക്കുന്നതായി ഞാൻ കണ്ടിട്ടുണ്ട്.”

( رواه ابن أبي شيبة بإسناد صحيح )

സാഇബ് ബ്നു യസീദ് رضي الله عنه പറയുന്നു:

“ഉമർ رضي الله عنه വിന്റെ കാലത്ത് റമദ്വാനിൽ അവർ ഇരുപത് റക്അത്ത് നിസ്കരിക്കാറുണ്ടായിരുന്നു.”

( 📚 ذكره الإمام مالك في الموطأ والبيهقي في السنن وقال النووي: إسناده صحيح )

സാഇബ് ബ്നു യസീദ് رضي الله عنه പറയുന്നു:

“ഉമർ رضي الله عنه ഉബയ്യ് ബ്നു കഅ്ബിനോടും തമീമുദ്ദാരിയോടും رضي الله عنهم റമദ്വാനിൽ ജനങ്ങൾക്ക് ഇമാമായി നിസ്കരിക്കാൻ ആവശ്യപ്പെട്ടു. അങ്ങനെ നൂറിലധികം ആയത്തുകളുള്ള സൂറത്തുകൾ ഇമാം പാരായണം ചെയ്യുകയും,

നിസ്കാരത്തിന്റെ ദൈർഘ്യം കാരണം ഞങ്ങൾ വടിയിൽ ഊന്നി നിൽക്കുകയും ചെയ്യുമായിരുന്നു. ഫജ്റിനോട് അടുത്തായിരുന്നു ഞങ്ങൾ നിസ്കാരം കഴിഞ്ഞു പിരിഞ്ഞു പോകാറുണ്ടായിരുന്നത്.”

(📚 رواه البيهقي في سننه )

നാഫിഅ് -رَحِمَـهُ اللَّـهُ- പറയുന്നു:

“ഇബ്നു ഉമർ رضي الله عنه റമദ്വാനിൽ വീട്ടിൽ വെച്ച് രാത്രി നിസ്കരിക്കും, പള്ളിയിൽ നിന്നും ആളുകൾ പിരിഞ്ഞു പോയിക്കഴിഞ്ഞാൽ ഒരു തോൽ പാത്രത്തിൽ വെള്ളമെടുത്ത് നബി ﷺ യുടെ പള്ളിയിലേക്ക് പുറപ്പെടും. പിന്നീട് സുബ്ഹ് നിസ്കരിച്ച ശേഷമല്ലാതെ അദ്ദേഹം പള്ളിയിൽ നിന്ന് പുറത്തിറങ്ങുകയില്ല.”

(📚 أخرجه البيهقي )

നാഫിഅ് رَحِمَهُ اللَّه പറയുന്നു: ഇബ്നു മുലൈക -رَحِمَهُ اللَّه- പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്:

“ഞാൻ റമദ്വാനിൽ ജനങ്ങൾക്ക് ഇമാമായി നിസ്കരിക്കുമ്പോൾ സൂറത്തു ഫാത്വിർ പോലുള്ള സൂറത്തുകൾ ഒരു റക്അത്തിൽ ഓതാറുണ്ടായിരുന്നു. അത് ആർക്കെങ്കിലും ഭാരമായി തോന്നിയതായി ഞാൻ അറിഞ്ഞിട്ടില്ല.”

( 📚 أخرجه ابن أبي شيبة بإسناد صحيح )

ഇമാം ദഹബി -رَحِمَهُ اللَّه- പറയുന്നു:

“അബൂ മുഹമ്മദ് അല്ലബ്ബാൻ رَحِمَهُ اللَّه ഹി 427ലെ റമദ്വാനിൽ ബഗ്ദാദിലായിരുന്നു. റമദ്വാനിലെ എല്ലാ രാത്രിയിലും അദ്ദേഹം ജനങ്ങൾക്ക് ഇമാമായി തറാവീഹ് നിസ്കരിച്ചു. തറാവീഹ് കഴിഞ്ഞാൽ അദ്ദേഹം ഫജ്റ് വരെ ഒറ്റക്ക് നിസ്കാരം തുടരും. ഫജ്റ് നിസ്കരിച്ച് കഴിഞ്ഞാൽ അദ്ദേഹം തന്റെ വിദ്യാർത്ഥികൾക്ക് ദർസ് എടുക്കും.”

( 📚 سير أعلام النبلاء )

നമ്മുടെ മുൻഗാമികൾ റമദ്വാനിൽ എത്രമാത്രം കർമ്മോത്സുകരായിരുന്നു എന്നതിന് ഉദാഹരണങ്ങളാണിത്.

◉ **ഖുർആൻ പാരായണം**

ഇമാം ദഹബി -رَحِمَهُ اللَّه- പറയുന്നു:

“ഇമാം ബുഖാരി رَحِمَهُ اللَّه റമദ്വാനിന്റെ എല്ലാ പകലിലും ഒരു പ്രാവശ്യം ഖുർആൻ മുഴുവൻ ഓതിത്തീർക്കുമായിരുന്നു. തറാവീഹിന് ശേഷം നിസ്കരിച്ചു കൊണ്ട് ഓരോ മൂന്ന് ദിവസത്തിലും ഒരു പ്രാവശ്യം ഖുർആൻ ഓതി തീർക്കുമായിരുന്നു.”

( 📚 سير أعلام النبلاء )

ഖുർആൻ പാരായണത്തിന്റെ കാര്യത്തിൽ മറ്റു സമയത്തില്ലാത്ത പരിശ്രമം റമദ്വാനിൽ സലഫുകൾ കാണിച്ചിരുന്നു. ഉസ്മാൻ رضي الله عنه എല്ലാ ദിവസവും ഖുർആൻ മുഴുവൻ ഓതി തീർക്കുമായിരുന്നു. ചിലർ മൂന്ന് ദിവസം കൊണ്ടും, മറ്റു ചിലർ എഴ് ദിവസം കൊണ്ടുമെല്ലാം മുഴുവനായി ഓതി തീർക്കാറുണ്ടായിരുന്നു.

റമദ്വാനായാൽ ഇമാം സുഹരി رَحِمَهُ اللَّه പറയുമായിരുന്നു:

إنما هو تلاوة القرآن وإطعام الطعام

“ഇത് (റമദ്വാൻ) പ്രധാനമായും ഖുർആൻ പാരായണവും, ഭക്ഷണം കൊടുക്കലും മാത്രമാണ്.”

ഈ അസറുകളെല്ലാം ഇബ്നു റജബ് رَحِمَهُ اللَّه തന്റെ ‘ലത്വാഇഫുൽ മആരിഫ്’ എന്ന കിതാബിൽ ഉദ്ദരിച്ചിട്ടുണ്ട്.

◉ **<u>ദാനധർമം</u>**

ഇമാം ശാഫിഈ رَحِمَهُ اللَّهُ പറയുന്നു:

“റമദ്വാനിൽ നബി ﷺ യെ അനുധാവനം ചെയ്തു കൊണ്ട് കൂടുതൽ ഉദാരത കാണിക്കുന്നത് ഞാൻ ഇഷ്ടപ്പെടുന്നു. കാരണം, റമദ്വാനിൽ ആളുകൾക്ക് അവരുടെ ആവശ്യങ്ങൾ നിർവഹിക്കപ്പെടേണ്ടതുണ്ട് എന്നത് കൊണ്ടും, സമ്പാദ്യ മാർഗങ്ങൾ അവഗണിച്ച് കൊണ്ട് ആളുകൾ നോമ്പിലും നിസ്കാരത്തിലും വ്യാപൃതരാകുന്നതു കൊണ്ടും.”

(📚 نقله البيهقي في معرفة السنن والآثار )

ഈ പറഞ്ഞ കാര്യത്തിൽ ഇമാം ശാഫിഈ رَحِمَهُ اللَّهُ യുടെ അവലംബം ഇബ്നു അബ്ബാസ് رضي الله عنه നിവേദനം ചെയ്യുന്ന ഹദീസാണ്. അദ്ദേഹം പറയുന്നു:

كانَ رَسولُ اللَّهِ ﷺ أجْوَدَ النَّاسِ، وكانَ أجوَدُ ما يَكونُ في رَمَضَانَ حِينَ يَلْقَاهُ جِبْرِيلُ، وكانَ جِبْرِيلُ يَلْقَاهُ في كُلِّ لَيْلَةٍ مِن رَمَضَانَ، فيُدَارِسُهُ القُرْآنَ، فَلَرَسولُ اللَّهِ ﷺ حِينَ يَلْقَاهُ جِبْرِيلُ أجْوَدُ بالخَيْرِ مِنَ الرِّيحِ المُرْسَلَةِ

“നബി ﷺ ജനങ്ങളിൽ ഏറ്റവും ഔദാര്യവാനായിരുന്നു. അവിടുന്ന് ഏറ്റവും കൂടുതൽ ഉദാരത കാണിക്കാറുള്ളത് റമദ്വാനിൽ ജിബ്‌രീലുമായി കണ്ടുമുട്ടുമ്പോളായിരുന്നു. റമദ്വാനിലെ ഓരോ രാത്രിയും ജിബ്‌രീലുമായി കൂടിയിരുന്ന് ഖുർആൻ പരസ്പരം ഓതി കേൾപ്പിക്കാറുണ്ടായിരുന്നു.

അപ്പോൾ റസൂൽ ﷺ അഴിച്ചു വിട്ട കാറ്റിനേക്കാൾ നന്മയുടെ കാര്യത്തിൽ ഔദാര്യവാനായിരിക്കും."

(📚 أخرجه البخاري )

ദാനധർമവും, ഭക്ഷണം നൽകലും, നോമ്പുതുറപ്പിക്കലും, മറ്റുള്ളവക്ക് നന്മയും സഹായങ്ങളും ചെയ്യുന്നതുമെല്ലാം ഉദാരതയാണ്. ഇക്കാര്യത്തിലെല്ലാം റമദ്വാനിൽ പ്രത്യേക ഉത്സാഹം കാണിച്ചവരായിരുന്നു സലഫുകൾ.

ഇബ്നു തൈമിയ്യ رَحِمَهُ اللَّه പറയുന്നു:

"റമദ്വാനിൽ ഭക്ഷണം നൽകിക്കൊണ്ട് സാധുക്കളെ സഹായിക്കുക എന്നത് ഇസ്ലാമിന്റെ ചര്യകളിൽ പെട്ടതാണ്. റമദ്വാനിൽ ഇരട്ടിയായി ഉദാരത കാണിക്കുന്നത് കൊണ്ട് ഒരുപാട് ഗുണങ്ങളുണ്ട്. അതിൽ പെട്ടതാണ്; റമദ്വാനിന്റെ ശ്രേഷ്ഠത, റമദ്വാനിൽ സൽകർമ്മങ്ങളുടെ പ്രതിഫലം ഇരട്ടിയാക്കപ്പെടും, നോമ്പുകാരെയും രാത്രി നിസ്കാരക്കാരെയും മറ്റു ഇബാദത്തുകൾ ചെയ്യുന്നവരെയും അവരുടെ ഇബാദത്തുകൾക്ക് സൗകര്യം ചെയ്ത് കൊടുക്കുന്നത് കൊണ്ട് അവരുടെ ഇബാദത്തുകളുടെ അതേ പ്രതിഫലം രേഖപ്പെടുത്തപ്പെടും. കാരണം റമദ്വാൻ അല്ലാഹു തന്റെ അടിമകൾക്ക് കരുണ ചെയ്തും, പൊറുത്തു കൊടുത്തും, നരകത്തിൽ നിന്ന് മോചിപ്പിച്ചും ഉദാരത കാണിക്കുന്ന മാസമാണ്. കരുണ ചെയ്യുന്ന അടിമകളോട് അല്ലാഹു കരുണ കാണിക്കുന്നു. ഉദാരത കാണിക്കുന്ന അടിമകളോട് അല്ലാഹുവും ധാരാളമായി ഉദാരത കാണിക്കുന്നു."

(📚 مجموع فتاوى ابن تيمية)

സലഫുകളിൽ ചിലർ പറഞ്ഞു:
“നോമ്പ് നിയമമാക്കിയത് ധനികർ വിശപ്പിന്റെ രുചി അനുഭവിക്കാനും, അങ്ങനെ വിശക്കുന്നവരെ മറക്കാതിരിക്കാനുമാണ്.”
ഇങ്ങനെ സൽകർമങ്ങൾ വർദ്ധിപ്പിക്കാനും, തിന്മകൾ കൊണ്ട് തങ്ങളുടെ നോമ്പ് പാഴായിപ്പോകാതിരിക്കാനും സലഫുകളും അവരുടെ മാർഗം പിന്തുടർന്നവരും ശ്രദ്ധ കാണിച്ചിരുന്നു.

അബൂദർറ് رضي الله عنه പറഞ്ഞതായി ത്വലീഖ് ബ്നു ഖൈസ് رَحِمَہُ اللَّـہ നിവേദനം ചെയ്യുന്നു:

إذا صمت فَتَحَفَّظ ما استطعت

“നോമ്പെടുത്താൽ നീ പരമാവധി സൂക്ഷമത കാണിക്കുക.”

ത്വലീഖ് رَحِمَہُ اللَّـہ നോമ്പുകാരനായാൽ നിസ്കാരത്തിന് മാത്രമായിരുന്നു പുറത്തിറങ്ങുക.

(📚 أخرجه ابن أبي شيبة في مصنفه )

നോമ്പുകാരനായാൽ നാവും മറ്റു അവയവങ്ങളുമെല്ലാം തിന്മകളിൽ നിന്നും, നോമ്പിന് കോട്ടം വരുത്തുന്ന കാര്യങ്ങളിൽ നിന്നും സൂക്ഷിക്കുക എന്നാണ് അബൂദർറ് رضي الله عنه പറഞ്ഞതിന്റെ വിവക്ഷ.

◉ **<u>ചുരുക്കത്തിൽ സലഫുകൾ റമദ്വാനിൽ;</u>**

നോമ്പ് നിഷ്ഫലമാകുന്ന എല്ലാ കാര്യങ്ങളിൽ നിന്നും അവർ മാറി നിന്നു. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്ന കാര്യങ്ങളിൽ അവർ മുഴുകി. രാത്രി നിസ്കാരം പോലെ തന്നെ ഉറക്കത്തിനും അവർ അല്ലാഹുവിന്റെ പ്രതിഫലം പ്രതീക്ഷിച്ചു. നന്മകളിലും ഇബാദത്തുകളിലും അവർ പരസ്പരം മത്സരിച്ചു. തിന്മകളോട് അടുക്കുന്നതിൽ പോലും അവർ ഓടിയകന്നു. കറാഹത്തായ കാര്യങ്ങളിൽ നിന്ന് പോലും അവരുടെ നേമ്പിനെ അവർ സംരക്ഷിച്ചു.

ഖുർആനിന്റെയും സുന്നത്തിൻ്റെയും പാഠങ്ങൾ അവർ പ്രാവർത്തികമാക്കി. നോമ്പുള്ള ദിവസം നോമ്പില്ലാത്ത ദിവസം പോലെയാകരുതെന്ന് അവർ പരസ്പരം വസ്വിയത്ത് ചെയ്തു.

ജാബിർ ബ്നു അബ്ദില്ലാഹ് رضي الله عنه പറയുന്നു:

إذَا صُمْتَ فَلْيَصُمْ سَمْعُك وَبَصَرُك وَلِسَانُك عَنِ الْكَذِبِ وَالْمَحارِمِ، وَدَعْ أَذَى الجار، ولْيَكُنْ عَلَيْك وَقَارٌ وَسَكِينَةٌ يَوْمَ صِيَامِكَ، وَلاَ تَجْعَلْ يَوْمَ فِطْرِكَ وَيَوْمَ صِيَامِكَ سَوَاء

“നീ നോമ്പെടുത്താൽ നിന്റെ കാതും ചെവിയും നാവും കളവിൽ നിന്നും മറ്റു നിഷിദ്ധമായ കാര്യങ്ങളിൽ നിന്നും നോമ്പെടുക്കട്ടെ. അയൽവാസിക്ക് ഉപദ്രവമുണ്ടാക്കുന്ന കാര്യങ്ങൾ നീ ഒഴിവാക്കുക. നോമ്പിന്റെ ദിവസം നിനക്ക് വേണ്ട ഒതുക്കവും ഗാംഭീര്യവും ഉണ്ടായിരിക്കട്ടെ. നോമ്പുള്ള ദിവസവും നോമ്പില്ലാത്ത ദിവസവും നീ ഒരുപോലെ ആക്കരുത്.”

(📚 أخرجه ابن أبي شيبة في المصنف )

ഇങ്ങനെയല്ലാതെ നിഷിദ്ധമായ സംസാരങ്ങളും, ഗീബത്തും നമീമത്തുമൊക്കെയായി നോമ്പിനെ നശിപ്പിച്ചവർക്ക് വിശപ്പും ദാഹവുമല്ലാതെ മറ്റൊന്നും ലഭിക്കുകയില്ല.

സലഫുകൾ റമദ്വാനിനെ സ്വീകരിക്കുന്നതിന് നേരത്തെ തയ്യാറെടുക്കാറുള്ളത് പോലെ റമദ്വാൻ കഴിഞ്ഞാൽ അതിൽ പ്രയാസവും ദുഃഖവും പ്രകടിപ്പിക്കുകയും, നേടിയെടുത്ത തഖ്‌വ നിലനിർത്താനും സൽകർമങ്ങൾ തുടരാനും പരസ്പരം ഉപദേശിക്കുകയും ചെയ്യാറുണ്ടായിരുന്നു. ആയുസ് മുഴുവനും അവർക്ക് ഇബാദത്തിന്റെ സീസണായിരുന്നു.

ഈ പരിശുദ്ധ മാസത്തെ സലഫുകൾ സ്വീകരിച്ച പോലെ സ്വീകരിക്കാനും ഉപയോഗപ്പെടുത്താനും പരിശ്രമിക്കുക, അല്ലാഹു തൗഫീഖ് ചെയ്യട്ടെ..